

# വേദനകളും മാലാഖകളും

അരണ്യ
9 ബി

എന്റെ പേര് സ്നേഹ. എന്റെ ജീവിതത്തിൽ ഏറ്റവും വലിയ ഒരു ദുഃഖകരമായ സംഭവം നടന്ന് ഇന്ന് നാലാം ദിവമാകുന്നു. ഈ സമയത്ത് ഒരു തണലായി നിൽക്കാൻ ആരുമില്ലാതെ വിഷമിച്ച് ക്ലാസിൽ അതുമൊരു ഇടവേള സമയത്ത് ഞാൻ കരഞ്ഞ് ഇരിക്കുകയായിരുന്നു. ആ സമയത്ത് എന്റെ ഒരു ടീച്ചർ എന്റെ അടുത്തേക്ക് വന്ന് എന്നിട്ട് എന്റെ മുടിയിൽ മെല്ലേ തലോടി. എന്നിട്ട് ചോദിച്ചു. നാല് ദിവസമായി ഞാൻ നിന്ന് ശ്രദ്ധിക്കുന്നു. എന്താ നിന്റെ മുഖത്ത് ഒരു സന്തോഷവും ഇല്ലാത്തത്. വല്ല വിഷമവും ഉണ്ടോ? ~ഒന്നുമില്ലാ എന്ന ഭാവത്തിൽ മുഖം ഉയർത്താതെ ഞാൻ അങ്ങനെ തന്നെ ഇരുന്നു. എന്നാൽ ടീച്ചർ എന്റെ അടുത്ത് ഇരുന്ന് എന്റെ മുഖം മെല്ലേ പൊക്കി എന്നിട്ട് ചോദിച്ചു. ടീച്ചറുടെ അടുത്ത് നിനക്ക് കള്ളം പറയാൻ ആവില്ല. വല്ലതുമുണ്ടെങ്കിൽ പറയൂ. ഞാൻ അതിന് ഒരു പരിഹാരം കണ്ടെത്തി തരാം. ടീച്ചറുടെ ീ വാക്കുകൾക്ക് മുമ്പിൽ ഞാൻ വീണു പോയി. എന്നിട്ട് വിഷമിച്ച് വിഷമിച്ച് ആ ദുഃഖകരമായ സംഭവം ഞാൻ ടീച്ചർക്ക് പറഞ്ഞു കൊടുത്തു. എന്റെ ജീവിതത്തിൽ എനിക്ക് ഏറ്റവും പ്രിയപ്പെട്ടത് എന്റെ അമ്മയാണ്. എന്നാൽ 5 ദിവസങ്ങൾക്ക് മുമ്പ് അമ്മ ഒരു വണ്ടിയിടിച്ച ആശുപത്രിയിലായി. തലയുടെ പിന്നിൽ പരിക്ക് പറ്റിയത് കാരണം അധികം നേരം എന്റെ അമ്മ എന്റെ കൂടെയുണ്ടായില്ല. ദൈവത്തിന്റെ ലോകത്തേക്ക് ദൈവം എന്റെ അമ്മയെ വലിച്ചു കൊണ്ടുപോയി. ഇനിയെനിക്ക് എന്റെ അമ്മയെ കാണാൻ സാധിക്കില്ല. ഇപ്പോൾ എനിക്ക് ശരീരത്തിൽ നിന്നും ആത്മാവ് പോയത് പോലെയാണ് തോന്നുന്നത്. ആത്മാവില്ലാതെ ശരീരത്തിന് എന്ത് പ്രാധാന്യം അതു പോലെ എന്റെ അമ്മയില്ലാതെ എന്റെ ജീവിതത്തിന് ഒരു പ്രാധാന്യവും ഇല്ല. ഞാൻ ഇനി എന്തിന് ജീവിക്കണം. ഇപ്പോൾ ഞാൻ തികച്ചും ഒരു അനാഥയായി. ഇപ്പോൾ എനിക്ക് അച്ഛനും അമ്മയും ഇല്ല. ഇനി ഞാൻ എന്തു ചെയ്യും ടീച്ചർ? ഇത്രയും വലിയ ഒരു ദുഃഖം നിന്റെ ജീവിതത്തിൽ വന്നു. അത് ശരിയാണ്. ആറാം ക്ലാസ് വിദ്യാർത്ഥിനിയായ നിനക്ക് താങ്ങാലാവുന്നതിലധികമാണഅ ഇത് എന്ന് എനിക്കറിയാം. എന്നാൽ നിന്റെ ജീവിതത്തിൽ ഉന്നതതലങ്ങളിലേക്ക് നീ എത്തും എന്ന നിന്റെ അമ്മയുടെ സ്വപ്നം നീ സഫലമാക്കണം. അത് കണ്ട് നിന്റെ അമ്മ എത്ര സന്തോഷിക്കുന്നും എന്ന് അറിയാമോ? അതുമാത്രമല്ല നിനക്ക് ഒരു താങ്ങായും തണലായും എന്നും നിന്റെ ഒപ്പം ഞാനും ദൈവവും എല്ലാവരുമുണ്ട്. ഒരിക്കലും നീ ഒരു അനാഥയാവില്ല. എന്താ മതിയോ? നിന്റെ അമ്മ നിന്റെ മനസ്സാണ്. നിന്റെ മനസ്സിൽ നിറയെ നിന്റെ അമ്മയാണ്. കൊല്ലങ്ങൾ എത്ര പോയാലും എത്ര സംഭവങ്ങൾ നിന്റെ ജീവിതത്തിൽ നടന്നാലും നിന്റെ അമ്മയെ നീ മറക്കില്ല. കാരണം നിന്റെ മനസ്സ് നിന്നെ വിട്ട് ഒരിക്കലും പോകുന്നില്ല.

ടീച്ചറുടെ ഈ വാക്കുകൾ എന്റെ മനസ്സിന് ഒരു പാട് ആശ്വാസം തന്നു. ഇനി എനിക്ക് എന്റെ അമ്മയുടെ സ്വപ്നം സഫലമാക്കണം.

അതിന് ഞാൻ എത്ര കഷ്ടപ്പെടാനും തയ്യാറാണ്. ടീച്ചർ എന്ന് പറഞ്ഞാൽ നമ്മുടെ ജീവിതത്തിൽ ഒരു അധ്യാപികയുടെ കഥാപാത്രം മാത്രമല്ല വഹിക്കുന്നത് മറിച്ച് ടീച്ചർ ഒരു നല്ല സുഹൃത്തും, അമ്മയുമാണ് എന്ന യാഥാർത്ഥ്യം ഞാൻ ഇപ്പോൾ ഈ നിമിഷത്തിൽ മനസ്സിലാക്കി. എന്റെ ജീവിതത്തിലെ ഈ രണ്ട് മാലാഖകളെയും ഞാൻ ഒരിക്കലും മറക്കില്ല. എന്റെ ഇനിയുള്ള ജീവിതത്തിൽ ഏറ്റവും പ്രധാന്യവും ഇവർക്കാണ്. ഇനിയുള്ള എന്റെ ജീവിതത്തിലെ കഷ്ടപ്പാടുകളും വേദനകളും എല്ലാം തരണം ചെയ്യാൻ എനിക്ക് ദൈവം കരുത്ത് തരും. എന്ന വിശ്വാസത്തോടെ ഞാൻ എന്റെ പുതിയ ജീവിതം ഇവിടെ തുടങ്ങുകയാണ്.



# കാത്തിരിപ്പ്

ലിയ ഫിലിപ്പ്
9 ബി

ഒരു സൂര്യാസ്തമയം രമേശ് കടൽതീരത്തെത്തി. രമേശ് എന്നും കടൽതീരത്ത് വന്നിരിക്കും. കടലിനെ എത്ര കണ്ടാലും ആയാൾക്ക് മതിവരില്ല. രമേശ് എന്നു വന്ന് കടൽതീരത്തേക്ക് നോക്കിയിരിക്കുമ്പോൾ അവന് അവന്റെ സങ്കടങ്ങളും ദുഃഖങ്ങളെല്ലാം ഓരോ തിരമാല വന്ന് അടിച്ചു തെറിപ്പിക്കുമ്പോൾ അവന്റെ മനസ്സിലൂറുന്ന സന്തോഷത്തിനൊന്നും അതിരുകളില്ല. ഒരു ദിവസം അവൻ പതിവ് പോലെ തന്നെ കടൽതീരത്ത് വന്നപ്പോൾ അവനവിടെ ഒരു അമ്മയെ കാണാനിടയായി. ആദ്യമൊന്നും അവൻ അമ്മയോട് മിണ്ടുകയൊന്നും ചെയ്തില്ല. അവന് മിണ്ടാൻ തോന്നിയുമില്ല. എന്നാൽ അവന് തന്റെ മനസ്സിൽ എന്തോ തോന്നി ആ അമ്മയോട് അതെ. ആ അമ്മക്ക് എന്തോടൊന്തോ പറയുവാനുണ്ട്. അവൻ പോയി ആ അമ്മയ്ക്കരികിലേക്ക്.

രമേശ് അമ്മയോട് ചോദിച്ചു. അമ്മാ എന്താ ഇവിടെ ഇങ്ങനെ കടലിലേക്ക് നോക്കിക്കൊണ്ടേയിരിക്കുന്നത്? }ഞാൻ അമ്മയെ മുമ്പൊന്നും ഇവിടെ ഇങ്ങനെ കണ്ടിട്ടില്ലല്ലോ?

അമ്മ ഒന്നും മിണ്ടാതെ ഒന്നും കേൾക്കാത്ത പോലെ തന്നെ കടലിലേക്ക് നോക്കിക്കൊണ്ടിരുന്നു.

രമേശ് നല്ല സൗമ്യതയോടു കൂടി ആ അമ്മയെ തൊട്ട് വിളിച്ചു. അമ്മ ആരാ?

അമ്മയുടെ മുഖമാകെ ചുക്കിചുളിഞ്ഞു. അമ്മ എങ്ങി എങ്ങി കരയാൻ തുടങ്ങി. അമ്മ തന്റെ കഥ പറയാൻ തുടങ്ങി. കരച്ചിൽ അപ്പോഴും ആ അമ്മ നിർത്തിയില്ല.

"ഒരു മുക്കുവനായിരുന്നു എന്റെ ഭർത്താവ്. കടലിൽ പോയി മീൻ പിടിച്ച് കൊണ്ടുവന്നാലും ഞങ്ങൾക്ക് വിലയ കൂലിയൊന്നും ഉടമസ്ഥൻ തന്നിരുന്നില്ല. എന്നാലും കിട്ടുന്ന വരുമാനം കൊണ്ട് ഞങ്ങൾ സുഖമായി ജീവിച്ചിരുന്നു. ഓരോ ദിവസവും ഭർത്താവ് കടലിലേക്ക് പോകുമ്പോഴും എന്റയുള്ളിൽ ആധിയായിരുന്നു. തിരിച്ചു വന്നാലേ എന്റെ മനസ്സിൽ സന്തോഷമുണ്ടാവുകയുള്ളു. അതിനിടയിൽ ഞങ്ങൾക്കൊരു മകൻ ജനിച്ചു. ഞങ്ങൾ അവനെ നല്ലത് പോലെ വളർത്തി. ഒരു ദിവസം ചേട്ടൻ ജോലിക്ക് പോയി. വലിയ മഴയിലും കൊടുങ്കാറ്റിലും മീൻ പിടിക്കാൻ പോയി. പക്ഷേ മീൻപിടുത്തത്തിനിടയിൽ അറിയാതെ വെള്ളത്തിൽ വീണു. രക്ഷിക്കാനായില്ല. അന്നു മുതൽ ഞാനും എന്റെ മകനും തനിച്ചായി. ഞാനും മകനും ചെറിയ ജോലികൾ ചെയ്തു ജീവിച്ചു. മകന്റെ പേര് രാജൂവെന്നാണ്. രാജുവിന് സ്കൂളിൽ പോകാനൊന്നിനും സാധിച്ചില്ല. അവന് 12 വയസ്സായപ്പോൾ തന്നെ തന്റെ അച്ഛന്റെ ജോലിയിലേക്ക് കടന്നു. അവൻ പോകുന്നതൊന്നും എനിക്ക് ഇഷ്ടമില്ലായിരുന്നു. അവനോട് പോകേണ്ടയെന്ന് പറഞ്ഞാലും അവൻ എന്നെ ധിക്കരിച്ച് പോകും. അവൻ എന്നെ ഒരിക്കലും പട്ടിണിയാക്കാതിരിക്കാനാണഅ മീൻ പിടുത്തത്തിന് പോകുന്നത്.

എന്നാൽ എനിക്ക് പേടിയാണ്. അച്ഛന്റെ അവസ്ഥ ഇവനും വരുമോയെന്ന്. ഒരു ദിവസം അവൻ രാത്രി എന്നോട് വെളുപ്പിന് വരാമെന്ന് പറഞ്ഞ് പോയതാ. ഇതുവരെയും വന്നിട്ടില്ല. അവനെ എനിക്ക് വിശ്വാസമാ. അതുകൊണ്ട് ഞൻ അവനെയും കാത്ത് ഇരിക്കുകയാ".

രമേശിന് സങ്കടം സഹിക്കാനാവുന്നില്ല. ആ അമ്മയുടെ കഥ കേട്ടപ്പോൾ അവനും കരഞ്ഞു പോയി. അവൻ പറഞ്ഞു. വരും അമ്മേ അവൻ. വരാതിരിക്കില്ല. അവൻ അമ്മയെ ആശ്വസിപ്പിച്ച് തന്റെ വീട്ടിലേക്ക് കൂട്ടിക്കൊണ്ട് പോകാൻ നിന്നപ്പോൾ അമ്മ പറഞ്ഞു. ഇല്ല മോനെ, മോൻ പോയ്ക്കോ. ഞാൻ കാത്തിരിക്കാ, അവന് വേണ്ടി വരും എന്റെ രാജു മോൻ. വരാതിരിക്കില്ല.



# ജൈവവൈവിധ്യം നിലനിർത്തേണ്ടതിന്റെ ആവശ്യം

'ജൈവവൈവിധ്യം' വൈവിധ്യങ്ങൾ നിറഞ്ഞ ഒരു വാക്ക്. വാക്കിൽ സൂചിപ്പിക്കുന്നതു പോലെ വൈവിധ്യങ്ങളാണ് ആ വിഷയത്തിൽ ഉള്ളത്. ഭൂമിയുടെ നിലനിൽപ്പിന് അടിസ്ഥാനം തന്നെ ജൈവവൈവിധ്യങ്ങളാണ്. ഒരുതരത്തിൽ മനുഷ്യജീവിതത്തിന്റെ ആധാരവും ജൈവ വൈവിധ്യം ആണ്.

എന്താണ് ജൈവവൈവിധ്യം? ഒറ്റ വാക്കിൽ സൂചിപ്പിക്കാൻ കഴിയില്ലെന്നതു വ്യക്തം. പ്രകൃതിയിലെ വിവിധ ഇനം മരങ്ങൾ, ചെടികൾ, മൃഗങ്ങൾ, വിവിധ ഇനം ചെറു ജീവികൾ ഇവ ജൈവവൈവിധ്യത്തിൽ പെടുന്നു. ഇവയെല്ലാം അനുഭവിക്കാ

നുള്ള ഭാഗ്യം ലഭിച്ചതോ പുണ്യനെന്നു വിശേഷിപ്പിക്കപ്പെടുന്ന മനുഷ്യന്.

ജൈവവൈവിധ്യത്തെ പറ്റി വിവരിക്കുന്ന എന്നത് ശ്രമകരമായ ഒന്നാണ്. പുസ്തകങ്ങൾ മതിയാവുകയില്ല അതിന്. ഈ ഭൂമിയിലെ ഓരോന്നും അതിൽ പെടുന്നു.

വിവിധ ഇനം ചെടികളും മരങ്ങളും ജൈവവൈവിധ്യത്തിന്റെ ഭാഗമാണ്. എന്തു രസമാണ് തളിരിട്ട ഇലകളും കാറ്റിലാടുന്ന മരങ്ങളും കാണാൻ. അവ ദൃശ്യഭംഗി മാത്രമല്ല മറിച്ച് ഉപകാരങ്ങളും നമുക്ക് ചെയ്തു തരുന്നു. വിവിധ ഇനം ചെടികൾ, മരങ്ങൾ ഇവ നമുക്ക് ഭക്ഷ്യവസ്തുക്കൾ, തടികൾ, മരുന്നുകൾ, പേപ്പറുകൾ തുടങ്ങി ആവശ്യമായവ തരുന്നു. നമ്മുടെ കാർബൺ ഡൈ ഓക്സൈഡ് വലിച്ചെടുത്ത് അന്തരീക്ഷത്തിലെ സന്തുലിതാവസ്ഥ തന്നെ നിലനിർത്തുന്നു. ഇത്രയും നമുക്ക് മരങ്ങളേയും ചെടികളേയും കുറിച്ച് ചുരുക്കി പറയാം. നമ്മുടെ കണ്ണെത്താദൂരത്തോളം പരന്നുകിടക്കുന്ന എത്രയോ ചെടികളും മരങ്ങളും ആണ് ഈ ഭൂമിയിൽ ഉള്ളത്. നമ്മുടെ അറിവിന് അതീതമായവ.

ഇനി ഇവയുടെയെല്ലാം നിലനിൽപ്പിന് ആവശ്യമായ ഒന്നിനേപ്പറ്റി നോക്കാം. മണ്ണ്. 2015 അന്താരാഷ്ട്ര മണ്ണു വർഷമാണല്ലോ. വിവിധതരം ധാതുക്കളും സൂക്ഷ്മ ജീവികളും നിറഞ്ഞിരിക്കുന്ന മണ്ണ് എല്ലാത്തിന്റെയും നിലനിൽപ്പിന്നാധാരമാണ്. മണ്ണ് ചതിക്കില്ല എന്ന് ചൊല്ലുണ്ട്. മണ്ണാണ് പൊന്ന്. മണ്ണിലാണ് വിവിധ ചെടികളും മരങ്ങളും നിലയുറപ്പിക്കുന്നതും വളരുന്നതും. മനുഷ്യനും മൃഗങ്ങളും താമസിക്കുന്നതും മണ്ണിൽ ഉറച്ചുതന്നെ. മണ്ണില്ലെങ്കിൽ നാമില്ല എന്നുതന്നെ പറയാം. നമുക്കാവശ്യമായ വെള്ളത്തെ പിടിച്ചുനിർത്തുന്നതും മണ്ണുതന്നെ. ഇങ്ങനെ നീണ്ടുപോകുന്നു മണ്ണിന്റെ കഥനകഥ.

ജലസ്രോതസ്സുകൾ ജൈവവൈവിധ്യങ്ങളുടെ കലവറയാണ്. അനേക ചെടികളേയും, മരങ്ങളേയും, മനുഷ്യരേയും ജീവനുള്ളതാക്കുന്നത് ഇവയാണ്. നമ്മുടെ അറിവിന് അതീതമായ അനേകം ചെടികളും ജീവികളും ജലത്തിൽ ഉണ്ട്. മനുഷ്യന് കേറിച്ചെല്ലാനാകാത്ത കലവറയാണ് സമുദ്രത്തിന്റെ അടിത്തട്ട്.

അടുത്തതായി എടുത്തുപറയേണ്ട ഒരു വിഭാഗമാണ് മൃഗങ്ങളും ജീവികളുംയ ഹാക്ടീരിയ. ഫംഗസ് തുടങ്ങി ആന, ജിറാഫ്ഇവ വരേയും ഇവയിൽ പെടുന്നു. മനുഷ്യർ ഈ മൃഗങ്ങളെ പേടിക്കുന്നു. എങ്കിലും ഇവ മനുഷ്യന് ഉപകാരമുള്ളവയാണ്. വിവിധ ആവശ്യങ്ങളാണ് ഇവയെക്കൊണ്ടുള്ളത്. എല്ലാവരും പരസ്പരാശ്രയത്വത്തിലാണ് കഴിയുന്നതും.

ഇങ്ങനെ വിവരണങ്ങൾക്കപ്പുറം പരന്നു കിടക്കുന്നു ജൈവവൈവിധ്യം. കുന്നുകളും, മലകളും പുഴകളും തോടുകളും മലകളും ഇവയിൽ ഉൾപ്പെടുന്നു.

"മരതകകാന്തിയിൽ മുങ്ങിമുങ്ങി

കരളും മിഴിയും കവർന്നു മിന്നി" ജൈവവൈവിധ്യം യാത്ര തുടരുന്നു...

ഇന്ന് വളരെ ചർച്ചാവിഷയമായിക്കൊണ്ടിരിക്കുന്ന ഒന്നാണ് "ജൈവകൃഷി". മനുഷ്യന് ദോഷം വിതയ്ക്കാത്ത രീതിയിൽ ജൈവവസ്തുക്കൾ, ജൈവവളങ്ങൾ ജൈവ കീടനാശിനികൾ തുടങ്ങിയവ ഉപയോഗിച്ചാണ് ഈ കൃഷി നടത്തുന്നത്. ഇതിന്റെ മേന്മകൾ വളരെയധികമാണ്. മനുഷ്യന് ഏറ്റവും ഉപയോഗപ്രദമായ ഒന്നാണ് ജൈവകൃഷി.

മനുഷ്യൻ, ഈ ജീവിയെ എങ്ങിനെ വിശേഷിപ്പിക്കണം എന്നറിയില്ല. ആദ്യമാദ്യം അടിസ്ഥാന ആവശ്യങ്ങൾക്ക് കൈകടത്തിയിരുന്ന ജൈവവൈവിധ്യത്തിലേക്ക് പിന്നീട് ജിജ്ഞാസ നിറവേറ്റാനും, നാശത്തിനും കൈകടത്തി. ഒരു തവളയെ കീറിമുറിച്ച് പഠനം നടത്തിയ മനുഷ്യൻ പിന്നീട് എല്ലാം കീറിമുറിച്ച് കീറിമുറിച്ച് എന്തിനേയും മുറിക്കാം എന്നായി. മരങ്ങൾക്കും ചെടികൾക്കും നേരെ ഒരു കാരുണ്യവുമില്ലാതെ കോടാലി നീട്ടി. മൃഗങ്ങളെ ബലാൽക്കാരം ചെയ്ത് കഷ്ണങ്ങളാക്കി പരീക്ഷിച്ചു. കുന്നുകൾക്കും മലകൾക്കും നേരെ നീട്ടി യന്ത്ര കൈകൾകൊണ്ട് ഹൃദയമൊരുക്കുന്ന മണ്ണ് ചീന്തി. എന്റെ എന്റെ നേട്ടമാകുന്ന വിവിധങ്ങൾ കൊണ്ട് ചുറ്റുമുള്ള എല്ലാത്തിനേയും ശ്വാസം മുട്ടിച്ചു. കളകളാരവം മുഴക്കി കുറുമ്പു കാട്ടി ഒഴുകി നടക്കുന്ന നദികളെ ശവപ്പെട്ടിയിലൊതുക്കി. ഇത്രയും പോരാഞ്ഞ് സ്വന്തം വർഗ്ഗത്തിന്റെ നേരെയും ക്രൂരത കാട്ടി തുടങ്ങി.

മനുഷ്യർക്ക് കണ്ണില്ലാത്ത പ്രവർത്തികൾ എന്താണെന്ന് നോക്കാം. ചെടികളെ വെട്ടിമാറ്റി. മൃഗങ്ങളെ കൊന്നു. വിവിധ രാസവസ്തുക്കൾ ഉപയോഗിച്ച് എല്ലാത്തിനേയും ശ്വാസം മുട്ടിച്ചു. ജലസ്രോതസ്സുകളിൽ വിശം നിറച്ച് അതിന്റെ വെളുത്ത തൊലി വൈലറ്റാക്കി. കുന്നുകളും മലകളും നികത്തി കുളങ്ങളും കിണറുകളും മണ്ണിട്ടു മൂടി. പ്രകൃതിയെ മലിനമാക്കി. ഇനിയും ഇവ വിവരിച്ചാൽ കോടതി പോലും പൊറുക്കില്ല. അതിന് കോടതി പോലും ഇത്തരം പ്രവർത്തികളാണ് ഇപ്പോൾ ചെയ്യുന്നത്. മണ്ണിനേയും മനുഷ്യൻ മോശമാക്കി. താൻ തൃക്കണ്ണുകൊണ്ടു കാണാത്തവയെ അഥവാ സൂക്ഷ്മജീവികളെ കീടനാശിനി കത്തികളാൽ കൊന്നു. പ്ലാസ്റ്റിക്കും മറ്റും ഇട്ടും കോൺക്രീറ്റ് കൃഷി നടത്തിയും എല്ലാം മണ്ണിന്റെ അന്ത്യത്തിന് തുടക്കമിട്ടു. ഇങ്ങനെ ജൈവവൈവിധ്യത്തിന്റെ ഓരോ അണുവിലും കൈകടത്തി നാമാ

വശേഷങ്ങളാക്കി.

ഇതിന്റെ ദോഷങ്ങളോ? മനുഷ്യൻ ഇന്ന് മറ്റൊരു ഭൂമിയെ തേടി എവിടെയെല്ലാം യാത്ര തുടരുന്നു. ഭൂമിയ്ക്ക് സമാനമായ ~ഒന്നിനെയാണ് അവർ തേടുന്നത്. സ്വർഗം പോലായിരുന്ന ഭൂമിയെ നരകമാക്കിയ അവന് മറ്റൊരു ഭൂമിയെ കിട്ടുമോ? ചോദ്യചിഹ്നമാണ്. "ആഗോളതാപനം" ലോകത്തെ ചുട്ടുപൊള്ളിക്കുന്ന ചർച്ചാവിഷയമാണ്. ഈ ഒരൊറ്റ വാക്ക് വിതയ്ക്കുന്ന നാശം സമുദ്രങ്ങളോളം ആഴമുള്ളതാണ്. ആഗോളതാപനം മൂലം അനേകം സ്ഥലങ്ങൾ സമുദ്രത്തിനടിയിലായി തീരാൻ ഇനിയനേകം താമസമില്ല. ഭൂമിയുടെ ചൂടും മനുഷ്യന് സഹിക്കുന്നതിന് അപ്പുറമായി വരികയാണ്. ആകെ നോക്കുകയാണെങ്കിൽ മനുഷ്യന് ജീവിതം അസഹ്യം. ഭൂമിയുടെ ചൂട് കൂടുന്ന ചില വാതകങ്ങളാണ് ഇവയ്ക്ക് കാരണം. ഇവയോ ചെടികൾ ഇല്ലാത്തത് മൂലവും. വിവിധ ഫാക്ടറികളുടേയും ഉപകരണങ്ങളുടേയും പ്രവർത്തനം മൂലവും. ചെടികൾ ഇല്ലാത്തതിന്റെ കാരണമോ നല്ല മണ്ണും കുന്നുകളും ഇല്ലാത്തതും.

വിവിധ ഇനം ജീവികൾ, കിളികൾ ഇവ നമുക്കു ചുറ്റും ഉണ്ട് എന്ന് നമുക്കറിയാം. എന്നിരുന്നാലും പലതും ഇന്ന് ചരിത്രത്തിന്റെ Red Data Book ന്റെ Hot ലിസ്റ്റിൽ ഇടംപിടിച്ചു കഴിഞ്ഞു. മാറി വരുന്ന ഈ സാഹചര്യങ്ങളിൽ കൂട്ടത്തോടെ അവ ഇവിടെ ജീവിതം സാധ്യമല്ല എന്ന മട്ടിൽ വിടപറഞ്ഞു. ഇവയെല്ലാം മനുഷ്യന് പിന്നീട് തീരാനഷ്ടങ്ങളായി. അവയുടെ ആവശ്യം നികത്താൻ മറ്റൊന്ന് കഴിയാതായി. ഇനിയുള്ള പലരും ഈ പുസ്തകത്തിന്റെ ഹോട്ട് ലിസ്റ്റ് താളുകളിലേക്ക് യാത്രയാണ്. നാളെ മനുഷ്യനും അവിടേയ്ക്ക് യാത്രയാകുമോ ? വളരെ വൈകിയാണെങ്കിലും ഒരു കൂട്ടം മനുഷ്യർക്ക് ബോധോദയം വന്നു കഴിഞ്ഞു. ഇവ സംരക്ഷിക്കേണ്ടതിന്റെ ആവശ്യകതയെ പറ്റിയുള്ള പലദിനങ്ങളും ഉണ്ട്. 2015 International year of soil, ജൂൺ 5 - World Environment Day, മാർച്ച് 22 - Water Day തുടങ്ങിയവയെല്ലാം ബോധം നൽകാനായുള്ള ദിനങ്ങളാണ്. മണ്ണും, പ്രകൃതിയും, വെള്ളവും തുടങ്ങിയവയെല്ലാം സംരക്ഷിക്കേണ്ടതിന്റെ ആവശ്യകതയാണ് ഇതിൽ നിന്നും വ്യക്തമാകുന്നത്.

ജൈവവൈവിധ്യം സംരക്ഷിക്കാനായി നമുക്ക് ചെയ്യാനാവുക - ഒന്നും നശിപ്പിക്കാതിരിക്കുക എന്നതാണ്. ശാസ്ത്രീയമായാണ് ചൂഷണം ചെയ്യേണ്ടത്. മനുഷ്യന്റെ ആവശ്യത്തിനു വേണ്ടി മാത്രമാണ് കൈകടത്തൽ എങ്കിൽ ഒന്നും നാശമാവുകയില്ല. എത്രകാലം വേണമെങ്കിലും ജീവിക്കാൻ നമുക്കാവും. കോൺക്രീറ്റു കൃഷിയുടെ എണ്ണം പരിമിതപ്പെടുത്തുക. ചെടികളും മരങ്ങളും വെട്ടാതിരിക്കുക, ആവശ്യത്തിനുവേണ്ടി വെട്ടിയാൽ തന്നെ അധികം നട്ടുപിടിപ്പിക്കുക. ദോഷകരങ്ങളായ കീടനാശിനികൾ ഒഴിവാക്കുക, ദോഷകരമായ രാസവസ്തുക്കൾ ഒഴിവാക്കുക, കുന്നുകൾ നികത്താതിരിക്കുക, പുഴകൾ, കുളങ്ങൾ ഇവ സംരക്ഷിക്കുക, പ്ലാസ്റ്റിക്കിന്റെ ഉപയോഗം പരിമിതപ്പെടുത്തുക, ദോഷകരമായ വാതകങ്ങൾ ഒഴിവാക്കുക, അമിതാഡംബരം ഉപേക്ഷിയ്ക്കുക, ജീവികളെ സ്വന്തങ്ങളായി കാണുക തുടങ്ങിയവ ചെയ്യാവുന്നതിൽ ചിലതു മാത്രം. ജൈവകൃഷി പ്രോത്സാഹിപ്പിക്കുക, ജൈവപച്ചക്കറികൾ മാത്രം ഉപയോഗിക്കുക ഇവ മറ്റൊരു സുപ്രധാന കാര്യമാണ്.

ജൈവവൈവിധ്യം ഭൂമിയുടെ നിലനിൽപ്പിനാധാരമാണ്. മാത്രമല്ല നമ്മുടേയും അവ സംരക്ഷിക്കേണ്ടത് വളരെ അത്യാവശ്യമായ ഒന്നാണ്. ജൈവവൈവിധ്യത്തിലെ ഓരോ അണുവും സംരക്ഷിക്കേണ്ടത് മനുഷ്യന്റെ ജീവിതത്തിന്റെ നിലനിൽപ്പിന്നാവശ്യമായ ഒന്നാണ്. സൂക്ഷ്മതയോടെ ആണ് ഉപയോഗം എങ്കിൽ മനുഷ്യന് ആവശ്യമായതെല്ലാം ഈ ഭൂമിയിലുണ്ട്. മറ്റൊരു ഭൂമിയെ തേടി പോകേണ്ട ആവശ്യമില്ല. കവികൾ സ്വപ്നം കണ്ട "മരതക കാന്തിയിൽ മുങ്ങി കരളും മിഴിയും" കവർന്നു മിന്നിയ ഗ്രാമഭംഗി ഈ ഭൂമിയിലുണ്ട്. ഒ.എൻ.വി.യുടെ ''കാണെക്കാണെ വയസ്സാവുന്നു മക്കൾക്കെല്ലാം എന്നാലമ്മേ" എന്നു തുടങ്ങുന്ന വ്യൂഹചക്രം ഈ ഭൂമിയിൽ ക്രമമായി നടക്കും. "ചന്ദ്രകളഭം ചാർത്തിയുറങ്ങും ഇന്ദ്രധനുസ്സിൻ തൂവൽകൊഴിയും" തീരം ഈ ഭൂമിയാണ്.

ജൈവവൈവിധ്യം സംരക്ഷിക്കേണ്ടതിന്റെ ആവശ്യത്തെപ്പറ്റി നാമെല്ലാം ഇന്ന് ബോധവാന്മാരായിരിക്കുകയാണ്. വരൂ നമുക്ക് ഒത്തൊരുമിച്ചു പ്രവർത്തിക്കാം. ജൈവവൈവിധ്യം സംരക്ഷിക്കാം. സുന്ദരമായി കൈകോർക്കാം.

"ഒരുമയെന്നാൽ അടിസ്ഥാനം
കൈകോർത്തീടാം ഒരുമയോടെ
സംരക്ഷിച്ചീടാം ജൈവവൈവിധ്യം
സംരക്ഷിച്ചീടാം സുന്ദര ഭൂമിയെ
ഇനി വരുന്നൊരു തലമുറയ്ക്ക്
ഇവിടെ ജന്മം സാധ്യമാക്കീടാം"

ഈ ഭൂമി നമുക്ക് മാത്രമല്ല ഇനി വരുന്ന തലമുറയ്ക്ക് കൂടിയുള്ളതാണ്. അവർക്ക് വേണ്ടിയും നാം കരുതേണ്ടതാണ്. ഒരു പൂ വാടുന്ന പോലെ നാം വാടി അടുത്ത തലമുറ വരും. അതുകൊണ്ട്

വരൂ നമുക്കൊത്ത് പ്രവർത്തിക്കാം. ദജൈവവൈവിധ്യം സംരക്ഷിക്കാം. ഭൂമിയെ നിലനിർത്താം. വരും തലമുറയ്ക്ക് വേണ്ടി കരുതാം. സുന്ദരമായ നാളെ ആശംസിച്ചുകൊള്ളുന്നു.



**അഞ്ചേരി ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളിന്റെ ശതാബ്ദിവർഷമാണ് 2014-2015. ആർഭാടപൂർവ്വമായ ഒരു ഉദ്ഘാടനം... നടന്നു. ശ്രീ. രമേശ് ചെന്നിത്തല**

സ്കൂളിന്റെ പ്രവർത്തനങ്ങളിലേയ്ക്ക് ഒന്നു കണ്ണോടിക്കാം.

## അക്കാദമിക്ക് പ്രവർത്തനങ്ങൾ

കഴിഞ്ഞ അഞ്ചു വർഷമായി വിജയം. തുടർച്ചയായ വർഷങ്ങളിൽ 100% വിജയം കരസ്ഥമാക്കുന്ന സ്കൂളാണ് അഞ്ചേരി ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂൾ. പത്താം തരത്തിലും പന്ത്രണ്ടാം തരത്തിലും ഉന്നത വിജയം നേടുന്നവരുടെ എണ്ണം വർദ്ധിക്കുകയാണ്. ഇതിനു പിന്നിൽ കഠിനാദ്ധ്വാനികളായ നാട്ടുകാരുടേയും അധ്യാപകരുടെയും വിദ്യാർത്ഥികളുടെയും രക്ഷാകർത്താക്കളുടെയും അകമഴിഞ്ഞ പങ്കുണ്ട്. (അഭ്യുദയകാംക്ഷികളുടെയും) നിരന്തരമായ ഇടപെടലുകളും, കൗൺസിലിംഗ് ക്ലാസ്സുകളും വിദ്യാർത്ഥികൾക്കും രക്ഷാകർത്താക്കൾക്കും നൽകുന്നു.

## രാത്രികാല ക്ലാസ്സുകൾ

രാത്രികാല ക്ലാസ്സുകളും, ഈവനിംഗ് ക്ലാസ്സുകളും സ്ഥിരമായി നടത്തുന്നു. പഠനത്തിൽ പിന്നോക്കം നിൽക്കുന്നവർക്കും വീട്ടിൽ ഇരുന്നു പഠിക്കാൻ സൗകര്യം ഇല്ലാത്തവർക്കുമായി നൈറ്റ് ക്ലാസ്സുകൾ നടത്തുന്നു. ലഘുഭക്ഷണത്തോടുകൂടി ആരംഭിക്കുന്ന നൈറ്റ് ക്ലാസ്സുകൾ അതീവ പ്രയോജനകരങ്ങളാണ്. അധ്യാപക-രക്ഷാകർത്തൃസമിതിയുടെയും പൂർവ്വവിദ്യാർത്ഥികളുടെയും പരിപൂർണ്ണ സഹകരണം ഇതിനു ലഭിക്കാറുണ്ട്. അധ്യാപകർ എല്ലാ വിഷയവും വന്ന് പഠിപ്പിക്കുകയും പരീക്ഷ നടത്തുകയും ചെയ്യുന്നു. വിജയശതമാനവർദ്ധനവിന് ഇതൊരു പ്രധാന ഘടകമാണ്.

### അക്ഷരമുറ്റം

അക്ഷമരമറിയാത്തവർക്കും, പൊതുവേ പഠനത്തിൽ പിന്നോക്കം നിൽക്കുന്നവർക്കുമായി "അക്ഷരമുറ്റം' ക്ലാസ്സുകൾ നടത്തുന്നു. യു. പി. തലത്തിൽ തന്നെ അക്ഷരങ്ങളും ഗണിതശാസ്ത്രത്തിന്റെ പ്രാഥമികപാഠങ്ങളും പഠിക്കുവാനായി ഈ ക്ലാസ്സുകൾ പ്രയോജനപ്പെടുന്നു.

### പൂരകം

ജില്ലാപഞ്ചായത്തിന്റെ നിർദ്ദേശപ്രകാരം എല്ലാ സ്കൂളിലെയും 8, 9 ക്ലാസ്സുകളിലെ കുട്ടികൾക്ക് പഠനനിലവാരം മെച്ചപ്പെടുത്തുന്നതിന് നടത്തുന്ന പരിപാടിയാണ് പൂരകം.

അക്കാദമികതാൽപര്യം വളർത്തുന്ന ക്ലാസ്സുകളും പ്രവർത്തിക്കുന്നു. ശാസ്ത്രക്ലാസ്സുകൾ, ഗണിതം, ഐ. ടി. മേഖലകളിലെ ക്ലാസ്സുകൾ കുട്ടികൾക്ക് പുത്തനുണർവ്വേകുന്നു.

## സേവനതാൽപര്യം വളർത്തുന്ന പ്രവർത്തനങ്ങൾ

### തണൽ

സേവനതാൽപര്യം വളർത്തുന്നതിനായി സ്കൂളിൽ പല പ്രധാന പ്രവർത്തനങ്ങളും നടപ്പാക്കാറുണ്ട്. പെയിൻ ആന്റ് പാലിയേറ്റീവ് തൃശ്ശൂർ യൂണിറ്റുമായി സഹകരിച്ച് "തണൽ" എന്ന സംഘടന പ്രവർത്തിക്കുന്നു.

ജൂനിയർ റെഡ്ക്രോസ്സിന്റെ ഒരു യൂണിറ്റ് സ്കൂളിൽ സജീവമായി പ്രവർത്തിക്കുന്നുണ്ട്. പ്രഥമശുശ്രൂഷയുടെയും, റോഡ് സുരക്ഷയുടേയും പാഠങ്ങൾ റെഡ് ക്രോസ്സ് അംഗങ്ങൾ മറ്റ് കുട്ടികൾക്ക് നൽകുന്നു.

ഭാരത് സ്കൗട്ട്സ് ആന്റ് ഗൈഡ്സിന്റെ ഒരു ശാഖ സ്കൂളിൽ പ്രവർത്തിക്കുന്നുണ്ട്. രാജ്യ പുരസ്കാറും, രാഷ്ടപതി പുരസ്കാറും നേടിയ വിദ്യാർത്ഥികൾ ഉണ്ട്.

### സ്വയം പര്യാപ്തത

"വിദ്യാഭ്യാസത്തോടൊപ്പം തൊഴിൽ പരിശീലനം" എന്ന ഗാന്ധിയൻ ആശയത്തിലൂന്നിയുള്ള പ്രവർത്തനങ്ങൾ നടപ്പാക്കുന്ന ക്ലാസ്സുകൾ സ്കൂളിലുണ്ട്. "പ്രവൃത്തി പരിചയ ക്ലാസ്സ്' വഴി കുട്ടികൾ സോപ്പ്, കുട, നോട്ടുപുസ്തകം, ചോക്ക്, കരകൗശലോൽപ്പന്നങ്ങൾ, ആഭരണനിർമ്മാണം എന്നിവയിൽ പരിശീലനം നേടുന്നു.

"പണിപ്പുര" എന്ന പേരിൽ ഉൽപ്പാദനവും വിപണനവും ലക്ഷ്യമാക്കിയ ഒരു പരിപാടി ശതാബ്ദിയോടനുബന്ധിച്ച് നടത്തുകയുണ്ടായി. ഈ വിദ്യാർത്ഥികൾക്ക് ജില്ലാ തല മത്സരത്തിലും സംസ്ഥാനതലത്തിലും നിരവധി സമ്മാനങ്ങൾ കിട്ടാറുണ്ട്.

### ഹരിതകം

പരിസ്ഥിതിയോടിണങ്ങി നിൽക്കുന്ന നിരവധി പ്രവർത്തനങ്ങൾ അഞ്ചേരി സ്കൂൾ നടത്തുന്നുണ്ട്. പ്ലാസ്റ്റിക് പൂർണ്ണമായും നിരോധിക്കുന്നതിനായി വിദ്യാർത്ഥികൾക്ക് തുണിസഞ്ചികൾ വിതരണം ചെയ്തു. മണ്ണിനെ സംരക്ഷിക്കുന്നതിനായുള്ള ലഘുലേഖകൾ വിതരണം ചെയ്തു.

കുട്ടികർഷകരുടെ കാർഷികതാൽപര്യം വളർത്തുന്നതിനായി സ്കൂളിൽ ജൈവവൈവിധ്യ കൃഷി നടത്തുന്നുണ്ട്. വിവിധയിനം പച്ചമുളകുകൾ, വെണ്ടയ്ക്ക, പയർ, എന്നിവ കൃഷി ചെയ്യുന്നു. ഇക്കോ-ക്ലബ്ബും, മാതൃഭൂമി സീഡും കൂടി പരിസ്ഥിതി ശുചീകരണവും ബോധവൽക്കരണവും നടത്തുന്നു.

ഊർജ്ജസംരക്ഷണത്തിനായി ഊർജ്ജസംരക്ഷണക്ലാസ്സുകളും നിലകൊള്ളുന്നു. ശുചീകരണ പ്രവർത്തനങ്ങൾക്കു ചുക്കാൻ പിടിക്കുന്ന ശുചിത്വ മിഷൻ പ്രവർത്തിക്കുന്നു. ചെമ്പരത്തി, ഉഷമലരി എന്നിവ നട്ടുപിടിപ്പിച്ചു.ചെമ്പരത്തി, ഉഷമലരി എന്നിവ നട്ടുപിടിപ്പിച്ച് പരമ്പരാഗത രീതിയിൽ സ്കൂൾ മുറ്റം മോടി പിടിപ്പിക്കുന്നു.

### കായികം

കുട്ടികളുടെ കായിക ക്ഷമത വർദ്ധിപ്പിക്കുന്നതിനായി സ്പോർട്സ്മാൻസ്പിരിറ്റും, കായികരംഗം കാര്യക്ഷമതയോടെ പ്രവർത്തിക്കുന്നു. വോളിബോൾ, ബാസ്ക്കറ്റ്ബോൾ, ക്രിക്കറ്റ് , ഫുട്ബോൾ എന്നിവയിൽ പരിശീലനം നൽകുന്നു. പ്രമുഖ ഫുട്ബോൾ കോച്ച് ശ്രീ. പീതാംബർ മാസ്റ്ററുടെയും സ്കൂളിലെ പി. ടി. അധ്യാപകൻ തോമസ് മാഷിന്റെയും നേതൃത്വത്തിൽ കോച്ചിംഗ് നടക്കുന്നു. ജില്ലാ തലത്തിലും മറ്റു മത്സരങ്ങളിലും നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ട്. ജില്ലാ ടീമുകളിൽ സെലക്ഷൻ കിട്ടിയിട്ടുണ്ട്.

### നല്ല പാഠം

മലയാള മനോരമ നടപ്പാക്കിയ 'നല്ല പാഠം' പദ്ധതിയും മാതൃഭൂമി നടപ്പാക്കിയ "നന്മ"യും സ്കൂളിൽ

നല്ല രീതിയിൽ തന്നെ പ്രവർത്തിക്കുന്നു. ജില്ലാതല സമ്മാനം നേടിയ ഏക സർക്കാർ സ്കൂളായിരുന്നു അഞ്ചേരി എന്നത് അഭിമാനത്തിന് വക നൽകുന്നു. മാതൃഭൂമിയുടെ നന്മയുടേയും പ്രത്യേക പരാമർശം സ്കൂളിന് ലഭിച്ചിട്ടുണ്ട്.

## വൈഖരി/വിദ്യാരംഗം

സാംസ്കാരിക രംഗത്തും സാഹിത്യരംഗത്തും സ്കൂൾ സജീവമാണ്. "വിദ്യാരംഗം" കലാസാഹിത്യവേദിയും വൈഖരി എന്ന വായനക്കൂട്ടവും പ്രവർത്തിക്കുന്നു. സാഹിത്യ - കലാ മത്സരങ്ങളിൽ നിരവധി സമ്മാനങ്ങളും അനേകം പ്രഗത്ഭരെക്കൊണ്ട് ക്ലാസ്സുകളും സംവാദങ്ങളും നടത്തുകയുണ്ടായി. പിറന്നാൾ സമ്മാനം എന്ന പേരിൽ ഒരു ഹ്രസ്വചിത്രം കുട്ടികൾ നിർമ്മിച്ചു. മഴയെക്കുറിച്ച് എൽ.പി., യു.,പി, എച്ച്,എസ്. വിഭാഗങ്ങൾ പ്രത്യേകം പ്രത്യേകം മഴപ്പതിപ്പുകൾ നടപ്പാക്കി. ബഷീർ ദിനത്തോടനുബന്ധിച്ച് ബഷീർ പതിപ്പ് തയ്യാറാക്കി.

"വിത്ത്' എന്ന പേരിൽ പരിസ്ഥിതിയുടെ ഒരു ഇൻലന്റ് മാഗസിനും "സഞ്ചിത ബാലിക്ക ലുട്ടാപ്പി" എന്ന പേരിൽ ബഷീറിനെ പറ്റി ഒരു ലിറ്റിൽ മാഗസിനും "വാക്ക്" എന്ന പേരിൽ ഒരു പത്രവും "ടൈംസ് ഓഫ് അഞ്ചേരി" എന്ന പേരിൽ ഇംഗ്ലീഷ് പത്രവും പുറത്തിറക്കി. സർഗ്ഗാത്മകതയുടെ "നാരായം" നടത്തി. വിവിധ വിദ്യാലയങ്ങളിലെ വിദ്യാർത്ഥിനി-വിദ്യാർത്ഥികൾ പങ്കെടുത്ത ഈ മത്സരം ഉദ്ഘാടനം ചെയ്തത് ശ്രീ കലവൂർ രവികുമാറും സമാപനം നിർവ്വഹിച്ചത് ശ്രീ റഫീക്ക് അഹമ്മദും ആയിരുന്നു.

മൂന്ന് സ്കൂളുകളുടെ സഹകരണത്തോടെ മലയാളം ബ്ലോഗിൽ ശ്രീ. റഫീക് അഹമ്മദിന്റെ ഇന്റർവ്യൂ സംഘടിപ്പിച്ചു. അഞ്ചേരി സ്കൂളിലെ വിദ്യാർത്ഥി - വിദ്യാർത്ഥിനികളുടെ രചനകൾ പ്രസിദ്ധീകരിക്കുന്നതിനായി ഒരു ബ്ലോഗ് സ്വന്തമായുണ്ട്.

## ഉച്ചഭക്ഷണം

സ്കൂളിൽ സർക്കാർ പദ്ധതിയുടെ ഭാഗമായി ഉച്ചഭക്ഷണപദ്ധതി "അന്നം" നടപ്പിലാക്കിയിട്ടുണ്ട്. രുചിയുള്ളതും വൃത്തിയുള്ളതുമായ ഉച്ചഭക്ഷണം കുട്ടികൾ സന്തോഷത്തോടെ കഴിക്കുന്നു. അധ്യാപകരുടെയും രക്ഷാകർത്താക്കളുടെയും മേൽനോട്ടത്തോടെ വിഭവസമൃദ്ധമായ ഓണസദ്യ എല്ലാ വർഷവും നടത്താറുണ്ട്.

## കല

കലോത്സവങ്ങൾ നിറപ്പകിട്ടോടെ നടത്താറുണ്ടെന്നത് അഞ്ചേരി സ്കൂളിന്റെ മാത്രം പ്രത്യേകതയാണ്. കുട്ടികളുടെ കലാവാസനകളെ പ്രോത്സാഹിപ്പിക്കുംവിധം നിരവധി പരിപാടികൾ ചെയ്യാറുണ്ട്. നാടൻപാട്ട്, നാടകം, പദ്യംചൊല്ലൽ, കഥാരചന, എന്നിവയിൽ ഉപജില്ലാതലത്തിലും, ജില്ലാതലത്തിലും സമ്മാനങ്ങൾ കിട്ടാറുണ്ട്.

## അഞ്ചേരിയും ആധുനികതയുടെ പാതയിൽ

സ്കൂളിൽ സാങ്കേതികത്തികവ് നിറഞ്ഞു നിൽക്കുന്ന കംപ്യൂട്ടർലാബും ഒരു മൾട്ടിമീഡിയ ക്ലാസ്സ്റൂമും സ്കൂളിനുണ്ട്. എം.എൽ.എ. ഫണ്ടിന്റെ സഹകരണത്തോടെ അരംഭിക്കാൻ പോവുന്ന ബഹുനിലക്കെട്ടിടം വന്നാൽ പൂർണ്ണമായും ഉന്നത നിലവാരമുള്ള സ്കൂളായിത്തീരും.

പതിനായിരത്തിൽ പരം പുസ്തകങ്ങളുള്ള മനോഹരമായ ഒരു ലൈബ്രറി സ്കൂളിനുണ്ട്.

സയൻസ് ലാബിൽ വെച്ച് പരീക്ഷണ-നിരീക്ഷണങ്ങൾ നിറഞ്ഞ സയൻസ് ക്ലാസ്സുകൾ ഉണർവ്വേകുന്നു. "മംഗൾയാൻ" വിക്ഷേപണത്തിന്റെ ഭാഗമായി പതിപ്പുകൾ നിർമ്മിച്ച് മത്സരം നടത്തി. "വിജ്ഞാനമത്സരം 2015", ശാസ്ത്രകോൺഗ്രസ്സിലെ പങ്കാളിത്തം, സയൻസ് എക്സിബിഷനുകളിലെ സ്ഥിരം സാന്നിദ്ധ്യം എന്നിവ സ്കൂളിന്റെ പ്രത്യേകതയാണ്.

## സശ്രദ്ധം

സശ്രദ്ധം എന്ന പേരിൽ അവധിക്കാല ക്യാമ്പ് നടത്തുകയുണ്ടായി. സാസംകാരിക സാമൂഹിക രംഗത്തെ പ്രമുഖർ നയിച്ച ക്ലാസ്സുകളും ക്ലാസ്സിക് സിനിമകളുടെ പ്രദർശനവും നടന്നു.

## ബാന്റ് മേളം

ബാന്റിന്റെ മുഴക്കം അഞ്ചേരിയിൽ നിറയുന്നു. മനോഹരവും ചടുലമായതുമായ താളം സ്കൂൾ അസംബ്ലിക്കും മറ്റു പൊതുപരിപാടികൾക്കും മാറ്റു കൂട്ടുന്നു.

## ഗുരുവന്ദനം

പൂർവ്വാധ്യാപകരെ വന്ദിക്കുവാനും ആദരിക്കാനുമായി "ഗുരുവന്ദനം" നടത്തി. പൂർവ്വവിദ്യാർത്ഥിയും മലയാള പഠനഗവേഷണകേന്ദ്രം പ്രിൻസിപ്പലുമായ ശ്രീ. ജോയ് പോൾ ഉദ്ഘാടനം ചെയ്തു. പ്രശസ്ത സിനിമാനടൻ ശ്രീ. സുനിൽ സുഖദയുടെ സാന്നിധ്യം ഉണ്ടായിരുന്നു.